# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2462** **05.02.2018-ൽ മറുപടിക്ക്**

വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി പഞ്ചായ ത്തുകളിലും വലിയപറമ്പ് പഞ്ചായ ത്തിലും വ്യാപകമായ തോതിൽ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിച്ചു വരുകയാണ്. കയ്യൂർ ചീമേനി പഞ്ചായത്തുകളിലെ പിലാന്തോളി, മുണ്ട എന്നിവിടങ്ങളിലും വലിയ പറമ്പ് പഞ്ചായത്തിലെ വെളുത്തപൊച്ചയിലും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ചീമേനിയിൽ നിന്നും വെളിച്ചം തോടിലേയ്ക്ക് 11 കെ.വി. ഫീഡർ റീ അറേഞ്ച് ചെയ്യുന്നതിനും കുന്നുംകൈ, ഒറ്റവയൽ, കാക്കടവ്, ചീരിക്കുന്ന്, മുള്ളിക്കാട്, മുക്കട, പെരുമ്പട്ട, എച്ച്. എസ്സ്.എസ്സ്.മൗവേനി ചിറ്റാരിക്കൽ, മങ്ങോട്, മയ്യിൽ വള്ളി, മൗക്കോട് എന്നിവിടങ്ങളിൽ ലൈൻ കൺവേർഷൻ വർക്ക് ചെയ്യുന്നതിനും ഭരണാനുമതി യായിട്ടുണ്ട്. വെസ്റ്റ് എളേരി പഞ്ചായത്തിൽ ഓട്ടപ്പടവിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു 2 കി.മീ. 11 കെ.വി.ലൈൻ വലിച്ച് 100 കെ.വി.എ. കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാറ്റം കവലമാലോം, മെയ്യാല, അരിയിരുത്തി എന്നീ സ്ഥലങ്ങളിൽ അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ട വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ജനങ്ങൾ പരാതി നൽകിയിട്ടും സമയബന്ധിതമായി പരിഹരി ക്കാൻ കഴിയാതെ വരുന്നതെന്തുകൊ ണ്ടെന്ന് വ്യക്തമാക്കാമോ? | | |

Kemalalla

സെക്ഷൻ ഓഫീസർ